**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5994** **09-07-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ വിശദമാക്കുന്നു :-<br><br>(1).മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ് പദ്ധതി - 3,19,16,565/- രൂപ 155 സംരംഭകർക്ക് അനുവദിച്ചു.<br><br>(2).ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 25,22,553/- രൂപ 248 യൂണിറ്റുകൾക്ക് അനുവദിച്ചു.<br><br>(3).വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി - 33,40,957/- രൂപ 173 സംരംഭകർക്ക് അനുവദിച്ചു.<br><br>(4). 26 എന്റർപ്രണർ ഡവലപ്പമെന്റ് ക്ലബ്ബുകൾക്കായി 5,30,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>(5).സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം 3,23,495/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>(6). അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രഫ്റ്റ്സ് ആർട്ടിസാൻസ് (ASHA) പദ്ധതി പ്രകാരം 11,37,913/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>(7).സംരംഭക സഹായ പദ്ധതി - 10,05,01,346/- രൂപ അനുവദിച്ചു.<br><br>(8). സംരംഭക വർഷം പദ്ധതി പ്രകാരം 22,316 സംരംഭങ്ങൾ ആരംഭിക്കുകയും അയതുവഴി 1408.53 കോടി രൂപയുടെ നിക്ഷേപവും 50,076 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ വ്യവസായ ഏരിയകളായ നിഡ, പുതുശ്ശേരി എന്നിവിടങ്ങളിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനായി 7 കോടി 12 ലക്ഷം, 6 കോടി 14 ലക്ഷം എന്നിങ്ങനെ തുകകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വ്യവസായ ഏരിയകളിലെ എസ്റ്റേറ്റ് ഓഫീസർ കെട്ടിടത്തിനായ 27/- ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. വ്യവസായ പ്ലോട്ടുകളായ കപ്പൂർ, കൊപ്പം, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ എസ്റ്റേറ്റ് ഓഫീസർ കെട്ടിട നിർമ്മാണത്തിനായി 27 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പുതുശ്ശേരി സെൻട്രൽ വില്ലേജിൽ രണ്ടു ഘട്ടങ്ങളിലായി 923.60 കോടി രൂപ ചെലവഴിച്ച് 975.04 ഏക്കർ ഭൂമി എറ്റെടുത്തു. ഇതിന്റെ ഭാഗമായി കണ്ണമ്പ്ര വില്ലേജിൽ 420.08 കോടി രൂപ ചെലവഴിച്ച് 229.43 ഏക്കർ ഭൂമിയും ഏറ്റെടുത്തു. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഷൊർണ്ണൂർ ഗാല പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | 36.71 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതിയായി. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ